Volume 06
Issue 53
22 May, 2016
Sleehakalam II




Joel. 2: 18-26
Act. 4:8-22
1 Cor. 6:1-11
Lk. 7:36-50

## എല്ലാവരിലും നന്മകാണുകയും മറ്റുള്ളവരോട് ക്ഷമിക്കാനും സാധിക്കട്ടെ

Rev Bro
Thomas
Padinjath

വിശുദ്ധ ലൂക്കാ സുവിശേഷകന്റെ ശേഖരത്തിലെ ഒരു ഊട്ടുമേശ സമ്മേളനവും അതിൽ ഈശോ നൽകുന്ന പാഠവുമാണ് ഇന്നത്തെ സുവിശേഷം.

മൂന്ന് വ്യക്തിത്വങ്ങളെയാണ് തിരുസഭ മാതാവ് ഇന്ന് നമ്മുടെ വിചിന്തനവിഷയമായി തന്നിരിക്കുന്നത് ഈശോ, ഫരിസേയൻ, പാപിനിയായ സ്ത്രീ.

ഈ സുവിശേഷത്തിൽ യഹുദ പാരമ്പര്യം അനുവർത്തിക്കുന്ന ശിമയോനെയും സാമൂഹിക പാരമ്പര്യങ്ങളെ ലംഘിക്കുന്ന പാപിനിയെയും  കണ്ടെത്താനാവും. ശിമയോൻ യഹുദ നിയമത്തിന്റെ കാവലാൾ, മാന്യൻ, സമൂഹത്തിൽ അംഗീകാരമുള്ളവൻ, സമ്പന്നൻ ഈ സ്ത്രീ പാപിനി എന്ന് ദുഷ്പേരുള്ളവൾ, യഹൂദ സാമൂഹിക പശ്ചാത്തലത്തിൽ സമൂഹത്തിന്റെ പിന്നാമ്പുറങ്ങളിൽ മാത്രം നിൽക്കുന്നവൾ. ക്ഷണിക്കപ്പെടാത്തവൾ ഇങ്ങനെ പോകുന്നു. ഇരുവരുടെയും ഗുണവിശേഷങ്ങൾ ശിമയോന്റെയും പാപിനിയുടെയും ഈശോയുടെയും മനോഭാവങ്ങളിലൂടെ ഒരു യാത്രനടത്തിയാൽ ഈ വചനം ആഴത്തിൽ മനസ്സിലാക്കാൻ സാധിക്കും.

ഒരാൾക്ക് വെള്ളത്തിന് മുകളിലൂടെ നടക്കാൻ കഴിവുള്ള ഒരു പട്ടിയുണ്ടായിരുന്നു തന്റെ പട്ടിയുടെ കഴിവ് കാണിച്ചു കൊടുക്കണം എന്ന് വിചാരിച്ച് നായാട്ടിന് പോയപ്പോൾ തന്റെ സുഹൃത്തിനെയും കുട്ടി കുളത്തിൽ നീന്തുകയായിരുന്ന താറാവിനെ അയാൾ വെടിവച്ചു. പട്ടി വെള്ളത്തിന്റെ മുകളിലൂടെ ചെന്ന് അത് എടുത്തുകൊണ്ടുവന്നു. എന്നാൽ സുഹൃത്ത് അതിനെക്കുറിച്ച് ഒന്നും പ്രതികരിച്ചില്ല. അതിനെ കുറിച്ച് ചോദിച്ചപ്പോൾ അയാൾ പറഞ്ഞു പട്ടിയ്ക്ക് നീന്താനറിയില്ല അതുകൊണ്ടാണ് അത് വെള്ളത്തിന് മുകളിലൂടെ നടക്കുന്നത്. സുഹൃത്തിന്  ഇതിലെ നന്മകാണനായിട്ട് സാധിക്കുന്നില്ല. സുവിശേത്തിലെ ഫരിസേയന്റെയും അവസ്ഥ ഇതുതന്നെയാണ്. അവനും ഇവിടെ നന്മകാണാൻ സാധിക്കുന്നില്ല. ഫരിസേയൻ ഈശോയ്ക്ക് അവന്റെ ഭവനത്തിൽ ഒരു വിരുന്ന് നൽകുന്നു. മാന്യമായ രീതിയിൽ തന്നെ അവന് ഭക്ഷണം നൽകുന്നു. പക്ഷേ അവൻ ഈശോയുടെ കാലുകൾ കഴുകുകയോ, അവനെ ചുംബിക്കുകയോ ചെയ്തില്ല. പ്രതീക്ഷിക്കാതെയെങ്കിലും അതിഥിയായെത്തിയ സ്ത്രീയോടുള്ള അവന്റെ മനോഭവത്തിലും അവന് തെറ്റിപ്പോയി. പാപിനിക്ക് മോചനമില്ല, ക്ഷമയില്ല എന്ന് അവൻ വിശ്വസിച്ചു. അവളിലെ നന്മയെ കണ്ടെത്താൻ കഴിയാത്ത വ്യക്തി മറ്റൊരാൾക്ക് പ്രതീക്ഷ നൽകാൻ കഴിയാത്ത വ്യക്തി സമൂഹത്തിന്റെ നിയമങ്ങൾക്കപ്പുറത്ത് രക്ഷയുടെ വഴികൾ കണ്ടെത്താൻ സാധിക്കാത്ത വ്യക്തി.

ഈശോ രക്ഷകനാണ് എന്ന അനുഭവത്തിലേക്ക് കടന്നു വന്നവളാണ് പാപിനിയായ സ്ത്രീ. അവൾ ഈശോയെ കാണണം എന്ന ആഗ്രഹത്താൽ കടന്നു വരുകയാണ്. അവൾക്ക് താൻ പാപിനിയാണ് എന്ന സമൂഹത്തിന്റെ കാഴ്ചപ്പാടിൽ നിന്ന് മോചനം വേണമായിരുന്നു. വഴിയരുകിൽ ഇരുന്ന അന്ധയാചകനെ പോലെ മറ്റുള്ളവർ എന്തുപറയുന്നു എന്ന് ശ്രദ്ധിക്കാതെ ഈശോയെ കാണാൻ അവൾ കടന്നുവരുന്നു. അവൾ ആഗ്രഹിച്ചത് ശരീരത്തിന്റെ സുഖത്തിന് അപ്പുറം ആത്മാവിന്റെ സന്തോഷമായിരുന്നു. പാപിനിയായ സ്ത്രീയുടെ മനോഭാവം യേശു നൽകുന്ന സന്തോഷവും, സമാധനവും, രക്ഷയും അനുഭവിക്കുക എന്നതായിരുന്നു. ഇത് അവൾക്ക് സാധിച്ചത് അവനാണ് ഏകരക്ഷകൻ എന്ന ബോധ്യത്തിലേക്ക് കടന്നു വന്നപ്പോൾ മാത്രമാണ്.

വി. ലൂക്കയുടെ സുവിശേഷം 5 അധ്യായം 32 വാക്യം ഇപ്രാകരമാണ്. "ഞാൻ വന്നിരിക്കുന്നത് നീതിമാന്മാരെ വിളിക്കാനല്ല, പാപികളെ പശ്ചാത്താപത്തിലേക്കു ക്ഷണിക്കാനാണ്" താൻ വന്നിരിക്കുന്നത് എന്തിനാണെന്ന് ഒന്നുകൂടി ഊട്ടിഉറപ്പിക്കുകയാണ് ഈശോ ഈ സംഭവത്തിലൂടെ. ഈശോ പാപികളോടു ക്ഷമിക്കുകയും അവരെ നന്മയിലേക്ക് കൊണ്ടുവരാനും ശ്രമിക്കുന്നു. ഈ സുവിശേഷഭാഗത്തിൽ നാം കാണുന്ന ഈശോ ശബ്ദമില്ലാത്തവരുടെ ശബ്ദമാകുന്നവനും, തെറ്റായ സമൂഹിക നിലപാടുകളെ വെല്ലുവിളിക്കുന്നവനുമായിട്ടാണ്. പ്രതീക്ഷയുടെ കണ്ണുകളോടെയാണ് അവിടുന്ന് പാപിനിയെ നോക്കിയത് അവൾക്ക് നന്മ നിറഞ്ഞ ജീവിതം നയിക്കുവാൻ സാധിക്കും എന്ന് കണ്ടു. അതുകൊണ്ട് തന്നെയാണ് അവളോടു ക്ഷമിക്കുവാൻ ഈശോ തയ്യാറാകുന്നത്. എല്ലാവരിലും നന്മകാണുകയും എല്ലാവരോടും ക്ഷമിക്കുകയും ചെയ്യുന്ന ഈശോ. അതെ, ഈശോ ഈ ഭൂമിലേക്ക് കടന്നുവന്നത് എല്ലാവർക്കും രക്ഷനൽകാനും എല്ലാവരെയും സമാധനത്തിലേക്ക് നയിക്കുവാനുമായിരുന്നു.

ഈ മൂന്നു വ്യക്തികളിൽ ഏതു വ്യക്തിയുടെ മനോഭവും കാഴ്ചപ്പാടുമാണ് എനിക്ക് ഉള്ളത്. ഫരിസേയനെ പോലെ നന്മകാണനും ക്ഷമിക്കാനും സാധിക്കത്തവനാണോ? പാപിനിയായ സ്ത്രീയുടെ മനോഭാവമാണോ "ഈശോയിലാണ് രക്ഷ. അവനാണ് സമാധാനം നൽകുന്നത്" ഈ ഒരു മനോഭവത്തിലേക്ക് നമ്മുടെ ജീവിതങ്ങളെ എത്തിച്ചു നിർത്തണം ഒ.വി.വിജയാൻ ഇപ്രകാരം പറഞ്ഞിട്ടുണ്ട്" "നമ്മുക്ക് റോസച്ചെടികളിൽ മുള്ളുണ്ടല്ലോ എന്നു പരാതിപ്പെടാം, അല്ലെങ്കിൽ മുള്ളിനിടയിലെ റോസപ്പൂ കണ്ട് ആനന്ദിക്കാം" ഈശോ പാപിനിയായ സ്ത്രീയിലെ നന്മയാണ് കണ്ടത്. അവളോടു ക്ഷമിക്കുവാനും തയ്യാറായി മറ്റുള്ളവരുടെ ജീവിതത്തിലെ നന്മകാണുവാനും മറ്റുള്ളവരോട് ക്ഷമിക്കാനും ഇന്നത്തെ സുവിശേഷം നമ്മുക്കൊരു പ്രചോദനമായി നിൽക്കുകയാണ്. ഓരോ ക്രൈസ്തവന്റെയും ധർമ്മമാണ് ഈശോയുടെ ജീവിതം മതൃകയാക്കുക എന്നുള്ളത്, അതിനായി നമ്മുക്ക് ശ്രമിക്കാം.